**കേരള സർക്കാർ**

സംഗ്രഹം

കന്യാകുമാരി കേരളഹൗസിലെ, മാനേജരുടെ പേരിൽ പാറശാല സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും മാനേജരെ "3452-80-001-95" "3452-01-103-99" എന്നീ ശീർഷകങ്ങളുടെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **285/2018/ധന.** തിരുവനന്തപുരം, തീയതി **11.01.2018**

---

പരാമർശം - ടൂറിസം ഡയറക്ടറുടെ 26.07.2017 ലെ E2-3029/2017 നമ്പരായുള്ള കത്ത്

**<u>ഉത്തരവ്</u>**

വിനോദ സഞ്ചാര വകുപ്പിന് കീഴിലുള്ള കന്യാകുമാരി കേരള ഹൗസിലെ ജീവനക്കാർക്ക് തമിഴ്നാട് ട്രഷറി മുഖേനയാണ് ശമ്പളം നൽകി വരുന്നതെന്നും SPARK സംവിധാനം അവിടെ ലഭ്യമല്ലാത്തതിനാൽ ജീവനക്കാരുടെ സർവീസ് സംബന്ധമായോ വേതന സംബന്ധമായോ വിവരങ്ങൾ സ്പാർക്കിൽ ലഭ്യമാക്കാനോ അത് ചേർക്കാനോ കഴിയുന്നില്ലെന്നും അതിനാൽ സ്പാർക്കിലെ ഉദ്യോഗസ്ഥർ നിർദേശിച്ചതനുസരിച്ച് കന്യാകുമാരി കേരള ഹൗസിന്റെ ട്രഷറി ഇടപാടുകൾ പാറശാല സബ് ട്രഷറിയിലേക്ക് മാറ്റുവാനും കൂടാതെ കന്യാകുമാരി കേരളഹൗസിലെ മാനേജരെ "3452-80-001-95" "3452-01-103-99" എന്നീ ശീർഷകങ്ങളുടെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ചും ഉത്തരവാകണമെന്ന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി കന്യാകുമാരി കേരളഹൗസിലെ, മാനേജരുടെ പേരിൽ പാറശാല സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും മാനേജരെ "3452-80-001-95" "3452-01-103-99" എന്നീ ശീർഷകങ്ങളുടെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ചും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വിനോദ സഞ്ചാര വകുപ്പ ഡയറക്ടർ, പാർക്ക് വ്യൂ തിരുവനന്തപുരം - 695 033
സബ് ട്രഷറി ഓഫീസർ, പാറശാല
വിനോദ സഞ്ചാര (A) വകുപ്പ് (e-file No: TOUR-A1/173/2017-TOUR പ്രകാരം)
ധനകാര്യ (EXP-A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ